# ഒരു സ(സ്സു)ർറിയൽ പ്രീണനം

[പ്രൊഫസ്സർ (ഡോ.) ജോയ് ടി. കുഞ്ഞാപ്പു, *D.Sc., Ph.D.*]

മരമായ് വളരുന്നതിനുമുമ്പ്
മുറിച്ചു കളയാൻ
മഴുമൂർച്ചയിൽ ആഞ്ഞുവെട്ടി —
എന്നിട്ടും
വേരുകൾ അവശേഷിച്ചു.

കുടിയേറി പാപകൃത്യങ്ങളുടെ
പ്രേരണാക്കുറ്റം ചുമത്തി
കഴുമരക്കുരുക്കിട്ടു —
എന്നിട്ടും
പിടഞ്ഞെഴുന്നേറ്റു മിടിച്ചു.

വിപത്തിന്റെ നാരായമായി
വിപണീതന്ത്ര കാളക്കൂറ്റൻ
സുരക്ഷിതബോണ്ടിന്റെ
കൈവിഷം കുത്തിവെച്ചു —
എന്നിട്ടും
ജന്തുശാസ്ത്ര ശാലയിലെ
തവളത്തുടിപ്പായി.

അർബ്ബുദങ്ങളുണ്ടായി
ധവളരക്തകോശത്തിൽ
അള്ളിപ്പിടിച്ച്
ഊർജ്ജവികിരണ സൂചികുത്തി —

എന്നിട്ടും
വൃത്തനിയമം അനുസരിക്കാത്ത
ഗതാഗതവിലക്ക് പാലിക്കാത്ത
ഇരുപതിന്റെ ഇരുത്തമില്ലായ്മയിൽ
വിത്തുകോശ ബീജമായി
ഭാവനാപ്രേത സംസ്കരണത്തിനു
വീണ്ടുംശവക്കുഴി വെട്ടുന്നു!
*************************************************************